# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6629 — 09-07-2014-ൽ മറുപടിക്ക്.

## വ്യാവസായിക ഇടനാഴി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. പി. മുഹമ്മദ്<br>ശ്രീ. എം. എ. വാഹീദ്<br>ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. റ്റി. എൻ. പ്രതാപൻ | | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) | |
| (എ) | വ്യാവസായിക ഇടനാഴി ആരംഭിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | 2011-ൽ കേന്ദ്ര സർക്കാരിന്റെ നാഷണൽ മാനുഫാക്ച്ചറിംഗ് പോളിസിയെ അടിസ്ഥാനമാക്കി കൊച്ചി-പാലക്കാട് നാഷണൽ ഇൻവെസ്റ്റ്മെന്റ് ആന്റ് മാനുഫാക്ച്ചറിംഗ് സോൺ (നിംസ്) പദ്ധതിക്ക് രൂപം നൽകിയിരുന്നു.. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | ഈ പദ്ധതിയിലൂടെ നിർമ്മാണ വാണിജ്യ മേഖല രൂപീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. അതുവഴി വ്യവസായ വികസനം, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, സാമ്പത്തിക-സാമൂഹിക വികസനം, തുടങ്ങിവയാണ് ലക്ഷ്യമിടുന്നത്. |
| (സി) | പ്രസ്തുത പദ്ധതിയുടെ വിശദമായ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (സി) | പദ്ധതിയുടെ വിശദമായ റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കൊച്ചി-പാലക്കാട് നിംസ് പ്രോജക്ടിനായി 53,825 കോടി രൂപയാണ് മുടക്കുമുതൽ പ്രതീക്ഷിക്കുന്നത്. ഈ പദ്ധതിക്കായി 5200 ഹെക്ടർ ഭൂമിയാണ് നിർദ്ദേശിക്കുന്നത്. അതിൽ 1700 ഹെക്ടർ ഭൂമി വിവിധ സർക്കാർ ഏജൻസികളുടെ കൈവശമുണ്ട്. ബാക്കി വരുന്ന 3500 ഹെക്ടർ ഭൂമി മൂന്നു ജില്ലകളിലായി (പാലക്കാട്, തൃശ്ശൂർ, എറണാകുളം) നിംസ് പദ്ധതിക്കായി ഏറ്റെടുക്കാനാണ് ഉദ്ദേശിച്ചിരുന്നത്. |
| (ഡി) | പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ? | (ഡി) | പദ്ധതി നടപ്പാക്കാനായി വിശദമായ റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിക്കായി നാലു ജില്ലകളിലായി (എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം) ഭൂമി കണ്ടെത്തി ഇത് ഏറ്റെടുക്കുന്നതിനുള്ള അനുമതിക്കായി |

കെ.എസ്.ഐ.ഡി.സി. സംസ്ഥാന സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. ഇതിൽ മലപ്പുറം ജില്ലയിലും, എറണാകുളം ജില്ലയിലെ ഒരു സ്ഥലത്തും തുടർനടപടികൾ ജനങ്ങളുടെ എതിർപ്പു മൂലം സർക്കാർ നിർദ്ദേശിച്ച പ്രകാരം നിർത്തിവച്ചു. മറ്റ് സ്ഥലങ്ങളിലെ ഭൂമി ഏറ്റെടുക്കൽ നടപടികൾ കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ച ശേഷം മാത്രമേ പരിഗണിക്കുകയുള്ളു.

സെക്ഷൻ ഓഫീസർ